**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4274** **01-07-2024 - ൽ മറുപടിയ്ക്ക്**

**ട്രഷറി അക്കൗണ്ടുകൾ സുരക്ഷിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറി അക്കൗണ്ടുകളിൽ നിന്നും പണം പിൻവലിച്ചാൽ അക്കൗണ്ട് ഉടമയ്ക്ക് സന്ദേശം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ട്രഷറി അക്കൗണ്ടുകളിൽ നിന്നും ചെക്ക് മുഖാന്തിരമുള്ള പണം പിൻവലിക്കലുകൾക്ക്, അക്കൗണ്ട് ഉടമ KYC-യിൽ ലഭ്യമാക്കിയിട്ടുള്ള രജിസ്റ്റേർഡ് ഫോൺ നമ്പറിലേക്ക് SMS ലഭ്യമാകുന്ന സംവിധാനം 2024 ജൂൺ 20 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ട്രഷറി അക്കൗണ്ടുകൾ ഫോൺ നമ്പറുമായി ബന്ധപ്പെടുത്തി ട്രഷറിയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ട്രഷറി അക്കൗണ്ടുകളിന്മേലുള്ള KYC-യിൽ നിർബന്ധമായും മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലുണ്ട്. പണം പിൻവലിക്കപ്പെടുമ്പോൾ, അക്കൗണ്ട് ഉടമകൾ KYC പ്രകാരം നൽകിയിട്ടുള്ള ഫോൺ നമ്പറുകളിൽ SMS ലഭ്യമാകുന്ന സംവിധാനമാണ് നിലവിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. അപ്രകാരം ട്രഷറി സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ചെക്ക് ബുക്ക് അച്ചടിയിൽ കേന്ദ്രീകൃത സ്വഭാവമില്ല എന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ട്രഷറി വകുപ്പിന് ആവശ്യമായ ചെക്ക് ബുക്കുകൾ ഗവൺമെന്റ് പ്രസ്സുകൾ മുഖേന കേന്ദ്രീകൃതമായാണ് അച്ചടിക്കുന്നത്.<br><br>നിലവിൽ ട്രഷറി അക്കൗണ്ടുടമകൾക്ക് നൽകുന്ന ചെക്ക് ബുക്കുകളിൽ ക്രമ നമ്പർ ക്രമാനുഗതമായി അച്ചടിച്ചിട്ടുണ്ടാകും. ട്രഷറികളിൽ നിന്നും പ്രസ്തുത ചെക്ക് ബുക്കുകളിൽ അക്കൗണ്ടുടമയുടെ അക്കൗണ്ട് നമ്പരും ട്രഷറിയുടെ നെയിം സീലും പതിപ്പിച്ച്/ രേഖപ്പെടുത്തി ഉടമയ്ക്ക്/ ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് ട്രഷറികളിൽ നിന്നും നേരിട്ട് നൽകുകയാണ് ചെയ്തു വരുന്നത്.<br><br>ചെക്ക് ബുക്കുകൾ കേന്ദ്രീകൃതമായി അക്കൗണ്ട് ഉടമയ്ക്ക് അയച്ചുകൊടുക്കുന്നതിലെ പ്രായോഗികത പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ചെക്ക് ബുക്ക് കേന്ദ്രീകൃതമായി അച്ചടിച്ച് ക്രമനമ്പർ രേഖപ്പെടുത്തി അക്കൗണ്ട് ഉടമയ്ക്ക് അയച്ചുകൊടുക്കുന്ന സംവിധാനം ട്രഷറിയിൽ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ട്രഷറി വകുപ്പിന് ആവശ്യമായ ചെക്ക് ബുക്കുകൾ ഗവൺമെന്റ് പ്രസ്സുകൾ മുഖേന കേന്ദ്രീകൃതമായാണ് അച്ചടിക്കുന്നത്.<br><br>നിലവിൽ ട്രഷറി അക്കൗണ്ടുടമകൾക്ക് നൽകുന്ന ചെക്ക് ബുക്കുകളിൽ ക്രമ നമ്പർ ക്രമാനുഗതമായി അച്ചടിച്ചിട്ടുണ്ടാകും. ട്രഷറികളിൽ നിന്നും പ്രസ്തുത ചെക്ക് ബുക്കുകളിൽ അക്കൗണ്ടുടമയുടെ അക്കൗണ്ട് നമ്പരും ട്രഷറിയുടെ നെയിം സീലും പതിപ്പിച്ച്/ രേഖപ്പെടുത്തി ഉടമയ്ക്ക്/ ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് ട്രഷറികളിൽ നിന്നും നേരിട്ട് നൽകുകയാണ് ചെയ്ത് വരുന്നത്.<br><br>ചെക്ക് ബുക്കുകൾ കേന്ദ്രീകൃതമായി അക്കൗണ്ട് ഉടമയ്ക്ക് അയച്ചുകൊടുക്കുന്നതിലെ പ്രായോഗികത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ